ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : dir.dme@kerala.gov.in,
dmekerala@gmail.com

ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ് ) : 0471-2528575
ഡയറക്ടർ: 0471-2444011
മെഡിക്കൽകോളേജ്. പി.ഒ,
തിരുവനന്തപുരം-695011

കേരള സർക്കാർ

## മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം

**നമ്പർ. ബി 6 / 04 / 2020 / മെ.വി.വ.** **തീയതി: 10/08/2021**

## വിജ്ഞാപനം

2020-21 അധ്യയന വർഷത്തെ എം. ഫാം കോഴ്സ് പ്രവേശനവുമായി ബന്ധപ്പെട്ട് കോഴിക്കോട് ഗവണ്മെന്റ് മെഡിക്കൽ കോളേജിൽ എസ്സ്.സി. വിഭാഗത്തിൽ ഒഴിവുള്ള ഒരു സീറ്റിലേക്കുള്ള (സ്പെഷ്യലിറ്റി – ഫാർമസി പ്രാക്ടീസ്) മോപ്പ്-അപ്പ് കൗൺസിലിംഗ് (Mop-up Counseling) 2021 ആഗസ്റ്റ് 13 വെള്ളിയാഴ്ച രാവിലെ 11-ന് കോഴിക്കോട് ഗവണ്മെന്റ് മെഡിക്കൽ കോളേജിൽ വച്ച് നടത്തുന്നു. എസ്.സി. വിഭാഗത്തിൽ വിദ്യാർത്ഥികൾ ഇല്ലാത്ത പക്ഷം പ്രസ്തുത ഒഴിവിലേയ്ക്ക് എസ്.റ്റി. വിഭാഗത്തിലെ വിദ്യാർത്ഥികളെ പരിഗണിക്കുന്നതും എസ്.റ്റി. വിഭാഗത്തിൽ വിദ്യാർത്ഥികൾ ഇല്ലാത്ത പക്ഷം പ്രസ്തുത ഒഴിവിലേയ്ക്ക് സ്റ്റേറ്റ് മെറിറ്റിലെ വിദ്യാർത്ഥികളെ പരിഗണിക്കുന്നതുമായിരിക്കും.

കേരള പ്രവേശന പരീക്ഷ കമ്മീഷ്ണർ, തിരുവനന്തപുരം പ്രസിദ്ധീകരിച്ചിട്ടുള്ള എം.ഫാം പ്രവേശനത്തിനുള്ള റാങ്ക് പട്ടികയിൽ നിന്നുമാണ് പ്രവേശനം നടത്തുന്നത്. യോഗ്യത തെളിയിക്കുന്നതിന് ആവശ്യമായ അസ്സൽ രേഖകൾ, അസ്സൽ ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്, മറ്റ് അനുബന്ധ രേഖകൾ എന്നിവ ഹാജരാക്കുന്ന വിദ്യാർത്ഥികളെ മാത്രമാണ് പ്രസ്തുത ഒഴിവിലേക്ക് പരിഗണിക്കുന്നത്.

മോപ്പ്-അപ്പ് കൗൺസിലിംഗിലൂടെ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥി അന്നേ ദിവസം തന്നെ ഫീസ് അടച്ച് രേഖകൾ സമർപ്പിച്ച് പ്രവേശനം നേടേണ്ടതാണ്. അല്ലാത്ത പക്ഷം പ്രസ്തുത അലോട്ട്മെന്റ് റദ്ദാക്കുന്നതാണ്. 0495 2350212 (ഗവ. മെഡിക്കൽ കോളേജ്, കോഴിക്കോട്), 0471-2528569 (ഡി.എം.ഇ ഓഫീസ്) എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

Signature valid
Digitally signed by Thomas Mathew
Date: 2021.08.10 04:18:49 IST
Reason: Approved

THOMAS MATHEW
JOINT DIRECTOR (MEDICAL)

പകർപ്പ്;

1. പ്രവേശന പരീക്ഷ കമ്മീഷ്ണർ, തിരുവനന്തപുരം.
2. പ്രിൻസിപ്പാൾ, സർക്കാർ മെഡിക്കൽ കോളേജ്, കോഴിക്കോട്

3. ഡിഎംഇ/ജെഡിഎം ഇ (എം)/ എന്നിവരുടെ സിഎ മാർക്ക്

4. കമ്പ്യൂട്ടർ പ്രോഗ്രാമർ (വെബ് സൈറ്റിൽ പ്രസിദ്ധീക്കരിക്കുന്നതിന് )

5. സർജന്റ് 6. നോട്ടീസ് ബോർഡ്